നോവൽ ആരംഭിക്കുന്നു

# അരുവിക്കാട്ടിലെ പഞ്ചവർണ്ണക്കിളികൾ

• ഷബ്ന പൊന്നാട്

എമി മുയൽ അന്ന് പതിവിലും നേരത്തെ തീറ്റ തേടി പുറപ്പെട്ടു. നടന്നു നടന്ന് ക്ഷീണിച്ച എമി ദാഹജലത്തിനായി അടുത്തുകണ്ട കാട്ടുചോലയെ ലക്ഷ്യം വെച്ചു. പെട്ടെന്നാണ് കാട്ടുപൊന്തയിൽ നിന്നും കോരുക്കുറുക്കൻ എമിയുടെ ദേഹത്തേക്ക് ചാടി വീഴുന്നത്. കുതറിയോടാൻ ശ്രമിച്ചെങ്കിലും കോരു പിടിത്തം മുറുക്കിയിരുന്നു. ഒന്നു ഞരങ്ങാൻ പോലും സമ്മതിക്കാതെ കോരു എമിയുടെ കഴുത്ത് കടിച്ചെടുത്ത്



▸▸ അച്ചടി കണ്ടുപിടിച്ച രാജ്യം– ചൈന



പൊന്തക്കുള്ളിലേക്ക് ധൃതിയിൽ ഓടി.

എമിയെ തിരഞ്ഞുവന്ന മിഥുക്കുരങ്ങൻ ഓടിമറയുന്ന കോരുവിനെയാണ് കണ്ടത്. ഒന്നും ചെയ്യാനാവാതെ മരണവെപ്രാളത്തിൽ പിടയുന്ന എമിയെ ദൂരെ നിന്നും നിസ്സഹായതയോടെ നോക്കിനിൽക്കാനേ മിഥുവിന് കഴിഞ്ഞുള്ളൂ. ഉറ്റ സുഹൃത്തിനെ നഷ്ടമായ വേദനയിൽ മിഥു ഉറക്കെ കരഞ്ഞു.



കുറച്ചു മാസങ്ങളായി ഇത്തരം ആക്രമണങ്ങൾ പേടിച്ച് എല്ലാവരും മാളങ്ങളിലും വാസസ്ഥലങ്ങളിലും പേടിച്ചു കഴിയുകയാണ്. വിശപ്പും ദാഹവും സഹിക്കാൻ കഴിയാതെ ആരെങ്കിലും പുറത്തേക്കിറങ്ങിയാൽ അവന്റെ അന്ത്യം ഉറപ്പാണ്.

എന്നാലും അതൊന്നും വകവെക്കാതെ എന്നും തീറ്റതേടി ധൈര്യത്തോടെ നടക്കുന്നവരുമുണ്ട്. അതിൽപ്പെട്ട ഒരുവനായിരുന്നു എമി മുയൽ. ഒടുവിൽ അവനും... മിഥുവിന് തേങ്ങലടക്കാനായില്ല.

“ഇനിയിത് തുടർന്നാൽ ശരിയാവില്ല. ഉടനടി പരിഹാരം കാണണം. രാജാവിനോട് സങ്കടമുണർത്തുക തന്നെ.” മിഥു തീരുമാനിച്ചു.

മിഥുവിന്റെ നിർദേശാനുസരണം അരുവിക്കാടുകാർ മുഴുവനും അതിരാവിലെത്തന്നെ രാജാവ് അജിബൻ പഞ്ചവർണക്കിളിയുടെ അത്തിമരത്തിൻ ചുവട്ടിൽ തടിച്ചുകൂടി. അജിബൻ താഴത്തെ കൊമ്പിൽ വന്നിരുന്ന് തന്റെ പ്രജകളുടെ പ്രശ്നങ്ങൾക്ക് കാതുകൊടുത്തു.

ചെമ്പൻവനക്കാരുടെ കടുത്ത ഉപദ്രവത്തെ കുറിച്ചു മാത്രമേ എല്ലാവർക്കും ബോധിപ്പിക്കാനുണ്ടായിരുന്നുള്ളൂ. എത്രയും പെട്ടെന്ന് പരിഹാരം കാണാമെന്ന് വാക്കുനൽകി അജിബൻ അവരെ സമാധാനിപ്പിച്ച് പറഞ്ഞയച്ചു.

കളകളാരവം മുഴക്കി ഒഴുകുന്ന അരുവികളും മധുരമൂറുന്ന പഴവർഗങ്ങളും നറുമണം പരത്തുന്ന പൂക്കളും നിറഞ്ഞ സുന്ദരമായ ഒരു കൊച്ചുകാടാണ് അരുവിക്കാട്. കൊച്ചു മൃഗങ്ങളും പക്ഷികളുമാണ് അരുവിക്കാട്ടിലെ താമസക്കാർ. എന്നാൽ, അരുവിക്കാടിനോട് ചേർന്നു കിടക്കുന്ന ചെമ്പൻവനത്തിലാവട്ടെ സിംഹം, പുലി, കടുവ, കുറുക്കൻ തുടങ്ങിയ വലിയ മൃഗങ്ങളും.

വർഷങ്ങളായി ചെമ്പൻവനത്തിലുള്ളവരുടെ സ്ഥിരം വേട്ടയാടൽ കേന്ദ്രമാണ് അരുവിക്കാട്. നിരന്തരമായ ആക്രമണങ്ങളും ഇരപിടിക്കലും കാരണം അവിടെയുള്ളവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വരുകയാണ്.

ശക്തമായ ഒരു പരിഹാരമാർഗം കണ്ടെത്തിയേ മതിയാവൂ. ഉടൻതന്നെ ചെമ്പൻവനത്തിന്റെ രാജാവ് ഗർജൻ സിംഹത്തിനെ കാണണം. അജിബൻ തീരുമാനിച്ചു. അങ്ങനെ അജിബൻ പഞ്ചവർണക്കിളിയും ഗർജൻ സിംഹവും പുതിയൊരു കാട്ടുനിയമം നടപ്പാക്കി.

മാസത്തിലെ ആദ്യത്തെ പത്തു ദിവസം ചെമ്പൻവനത്തിലുള്ളർക്ക് അരുവിക്കാട്ടിൽ വന്ന് ഇരതേടാം. അതും ഉദയം മുതൽ അസ്തമയം വരെ. കൂട്ടത്തോടെയുള്ള ആക്രമണം പാടില്ല. മറ്റു ദിവസങ്ങളിൽ വേറെ കാടുകളിൽ പോയി ഇരതേടാവുന്നതുകൊണ്ട് ചെമ്പൻവനത്തിലുള്ളവർക്ക് പുതിയ കാട്ടുനിയമം ഒരു പ്രയാസമായിരുന്നില്ല.

നിയമം അരുവിക്കാടുകാർക്കും വലിയ ആശ്വാസമാണ് നൽകിയത്. കൂട്ടത്തോടെയുള്ള ആക്രമണങ്ങൾ പേടിക്കേണ്ട. രാത്രികാലങ്ങളിൽ സമാധാനത്തോടെ സ്വന്തം മാളങ്ങളിൽ കിടന്നുറങ്ങാം. എങ്കിലും ആ പത്തു ദിവസങ്ങളിൽ ഭീതിയുണർത്തുന്ന കണ്ണുകളും കൂർത്ത നഖങ്ങളും തങ്ങളുടെ മേൽ ഏതുസമയവും വീണേക്കാമെന്ന പേടിയോടെയാണ് അരുവിക്കാടുകാരുടെ പകൽ സഞ്ചാരം. ആ പത്തു ദിവസങ്ങൾ മൃഗങ്ങൾ ജീവൻ രക്ഷക്കു വേണ്ടി സ്വന്തം മാളങ്ങളിൽ ഒളിച്ചിരിക്കാനും പാടില്ലെന്ന് നിയമത്തിലുണ്ട്.

(തുടരും)

▸▸ ചന്ദനത്തിന്റെ ശാസ്ത്രീയ നാമം– സന്റാലം ആൽബം